# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.08.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) **ബഹിരാകാശ നേട്ടങ്ങൾക്കൊപ്പം, രാജ്യത്തിൻറെ സാമൂഹിക-സാമ്പത്തിക വികസനത്തിനും ഐഎസ്ആർഒ സുപ്രധാന സംഭാവനകൾ നൽകിയതായി രാഷ്ട്രപതി ദ്രൗപതി മുർമു. ആദ്യ ദേശീയ ബഹിരാകാശ ദിനാചരണം രാഷ്ട്രപതി ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യു.**

President Draupadi Murmu has said that Indian Space Research Organisation ISRO has made important contributions not only to the space sector but also to the socio-economic development of the country. She said this while addressing maiden National Space Day programme in New Delhi today.

2) **ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി യുക്രൈനിലെത്തി. യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും.**

Prime Minister Modi arrives in Kyiv today on a day-long visit to Ukraine. Mr Modi will hold one-on-one and delegation-level talks with President Volodymyr Zelenskyy and the conversation is expected to largely focus on finding ways to resolve the conflict in Ukraine.

3) **ഇന്ത്യയും അമേരിക്കയും സ്വാഭാവിക പങ്കാളികളാണെന്നും, ഇരു രാജ്യങ്ങൾക്കുമിടയിലെ ശക്തമായ ബന്ധം ഇതിനാലാണ് സാധ്യമാവുന്നതെന്നും രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്.**

Defence Minister Rajnath Singh said that India and US are natural allies and are destined to be strong partners.

4) **കേന്ദ്ര ആഭ്യന്തര സെക്രട്ടറിയായി മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ ഗോവിന്ദ് മോഹൻ ചുമതലയേറ്റു.**

**Senior IAS officer Govind Mohan today assumed the charge of new Union Home Secretary.**

5) **സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രമാക്കുകയാണ് സംസ്ഥാന സർക്കാരിൻറെ ലക്ഷ്യമെന്ന് വ്യവസായ മന്ത്രി പി രാജീവ്.**

**Kerala Government envisages to convert the state a hub of Knowledge-based industries, says Minister P Rajeev.**

==========================================================

## NATIONAL SPACE DAY (INTRO)

ബഹിരാകാശ നേട്ടങ്ങൾക്കൊപ്പം, രാജ്യത്തിൻറെ സാമൂഹിക-സാമ്പത്തിക വികസനത്തിനും ഐഎസ്ആർഒ സുപ്രധാന സംഭാവനകൾ നൽകിയിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആദ്യ ദേശീയ ബഹിരാകാശ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി. ബഹിരാകാശ പര്യവേക്ഷണം മനുഷ്യന്റെ കഴിവുകൾ വർദ്ധിപ്പിച്ചതായും, മനുഷ്യഭാവന യാഥാർത്ഥ്യമാക്കി പ്രപഞ്ച രഹസ്യങ്ങൾ വെളിപ്പെടുത്തിയതായും രാഷ്ട്രപതി പറഞ്ഞു.

**(ഹോൾഡ്..............)**

ഐഎസ്ആർഒയുടെ റോബോട്ടിക്സ് ചലഞ്ചിലെയും ഭാരതീയ അന്തരിക്ഷ് ഹാക്കത്തണിലെയും വിജയികൾക്ക് ശ്രീമതി മുർമു സമ്മാനങ്ങൾ വിതരണം ചെയ്തു. . ചന്ദ്രയാൻ മൂന്ന്, ചന്ദ്രൻറെ ദക്ഷിണധ്രുവത്തിൽ സോഫ്റ്റ് ലാൻഡിങ് നടത്തിയതിൻറെ സ്മരണാർത്ഥമാണ് ഇന്ന് ദേശീയ ബഹിരാകാശ ദിനാചരണം സംഘടിപ്പിക്കുന്നത് . കേന്ദ്ര മന്ത്രി ജിതേന്ദ്ര സിങ്, ഐ.എസ്.ആർ.ഒ ചെയർമാൻ എസ്. സോമനാഥ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

==========================================================

## PM GREETS- NATIONAL SPACE DAY

പ്രഥമ ദേശീയ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളെ അഭിവാദ്യം ചെയ്തു. ഇന്ത്യൻ ബഹിരാകാശ ശാസ്ത്രജ്ഞരുടെ പരിശ്രമങ്ങളെയും അദ്ദേഹം അഭിനന്ദിച്ചു. ബഹിരാകാശ മേഖലയെ ഉത്തേജിപ്പിക്കാൻ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

==========================================================

## PM UKRAINE

ദ്വിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്രമോദി യുക്രൈനിലെത്തി. യുക്രൈൻ പ്രസിഡൻറ് വൊളോഡിമിർ സെലൻസ്കിയുമായി അദ്ദേഹം ഇന്ന് ഉഭയകക്ഷി കൂടിക്കാഴ്ച നടത്തും. റഷ്യ-യുക്രൈൻ സംഘർഷം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാവും നേതാക്കൾ പ്രധാനമായും ചർച്ച ചെയ്യുക. പ്രശ്നങ്ങൾ യുദ്ധത്തിലൂടെയല്ല പരിഹരിക്കേണ്ടതെന്നും, നയതന്ത്ര ചർച്ചകളാണ് ഇതിനായി വേണ്ടതെന്നും ശ്രീ. മോദി നിലപാട് വ്യക്തമാക്കിയിരുന്നു. മേഖലയിൽ സമാധാനവും സുസ്ഥിരതയും പുനസ്ഥാപിക്കാൻ സാധ്യമായ എല്ലാ സഹകരണവും നൽകുമെന്നും പോളിഷ് പ്രധാനമന്ത്രി ഡോണൾഡ് ടസ്കുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കിടെ അദ്ദേഹം അറിയിച്ചു. അന്താരാഷ്ട്ര നിയമങ്ങൾ പാലിക്കേണ്ടതിൻറെയും , രാജ്യങ്ങളുടെ പരമാധികാരത്തെ ബഹുമാനിക്കേണ്ടതിൻറെയും പ്രാധാന്യത്തെക്കുറിച്ചും ഇരു നേതാക്കളും സംയുക്ത പ്രസ്താവനയിലൂടെ വ്യക്തമാക്കി. രണ്ട് ദിവസത്തെ പോളണ്ട് സന്ദർശനം പൂർത്തിയാക്കിയ ശ്രീ മോദി, വാർസയിൽ നിന്നും ട്രെയിൻ മാർഗ്ഗമാണ് യുക്രൈൻ തലസ്ഥാനമായ കീവിലേക്ക് യാത്ര തിരിച്ചത്. 1992 ന് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി യുക്രൈൻ സന്ദർശിക്കുന്നത്.

===========================================================

## RAJNATH-US VISIT

ഇന്ത്യയും അമേരിക്കയും സ്വാഭാവിക പങ്കാളികളാണെന്നും, l ഇരു രാജ്യങ്ങൾക്കുമിടയിലെ ശക്തമായ ബന്ധം ഇതിനാലാണ് സാധ്യമാവുന്നതെന്നും രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിങ്. യു.എസ് സന്ദർശനത്തിനിടെ വാഷിങ്ടണിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. അമേരിക്കയിൽ ഇന്ത്യക്കാർ സാംസ്കാരിക മൂല്യങ്ങളും, പൈതൃക ബന്ധവും കാത്തുസൂക്ഷിക്കുന്നത് സന്തോഷകരമായ കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. സന്ദർശനത്തിൻറെ ഭാഗമായി, ഇന്ത്യ-യു.എസ് സുരക്ഷാ വിതരണ കൈമാറ്റ രേഖയിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു. പ്രതിരോധ സംബന്ധമായ ഉപകരണങ്ങളും, സേവനങ്ങളും പരസ്പരം കൈമാറുന്നതിനുള്ള കരാറാണിത്. വിതരണ ശൃംഖലയിലെ തടസ്സങ്ങൾ മുൻകൂട്ടിക്കണ്ട്, സുരക്ഷാ ആവശ്യങ്ങൾക്കുള്ള വ്യാവസായിക വസ്തുക്കൾ സംഭരിക്കാൻ ഇതിലൂടെ ഇരുരാജ്യങ്ങൾക്കും സാധിക്കും. അമേരിക്കയുമായി SOSA കരാറിൽ ഒപ്പുവയ്ക്കുന്ന 18-മത്തെ രാജ്യമാണ് ഇന്ത്യ. നാല് ദിവസത്തെ സന്ദർശനത്തിനായി ശ്രീ രാജ്നാഥ് സിങ് ഇന്നലെയാണ് അമേരിക്കയിലെത്തിയത്. യു.എസ് പ്രതിരോധ സെക്രട്ടറി ലോയ്ഡ് ഓസ്റ്റിനുമായും, സുരക്ഷാ ഉപദേഷ്ടാവ് ജേക്ക് സള്ളിവനുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. അമേരിക്കയിലെ പ്രതിരോധ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ഉന്നതതല യോഗത്തിനും അദ്ദേഹം അധ്യക്ഷത വഹിക്കും.

===========================================================

## SC-KEJRIWAL

മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട സി.ബി.ഐ കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ ജാമ്യഹർജി പരിഗണിക്കുന്നത് സുപ്രീംകോടതി അടുത്തമാസം 5-ലേക്ക് മാറ്റി.

വിഷയത്തിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കാൻ സി.ബി.ഐ സമയം ആവശ്യപ്പെട്ടതിനെ തുടർന്നാണ് ഹർജി അടുത്ത ദിവസത്തേക്ക് മാറ്റിയത്. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ സുപ്രീംകോടതി കഴിഞ്ഞ മാസം അദ്ദേഹത്തിന് ഇടക്കാല ജാമ്യം അനുവദിച്ചെങ്കിലും സിബിഐ കേസ് നിലനിൽക്കുന്നതിനാൽ ജയിലിൽ തുടരുകയാണ് അരവിന്ദ് കെജ്രിവാൾ. സി.ബി.ഐ കേസിൽ ഡൽഹി കോടതി ഈ മാസം 27 വരെ കെജ്രിവാളിനെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടിരുന്നു.

==========================================================

## NEW HOME SECRETARY

കേന്ദ്ര ആഭ്യന്തര സെക്രട്ടറിയായി മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥൻ ഗോവിന്ദ് മോഹൻ ചുമതലയേറ്റു. അജയ് കുമാർ ഭല്ലയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിലാണ് പുതിയ നിയമനം. 1989 ബാച്ച് സിവിൽ സർവീസ് ഉദ്യോഗസ്ഥനായ അദ്ദേഹം സാംസ്കാരിക സെക്രട്ടറിയുടെ ചുമതല വഹിക്കുകയായിരുന്നു.

==========================================================

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്, ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 113-ആം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ അറിയിക്കാൻ ഇന്നു കൂടി അവസരമുണ്ട്.

==========================================================

**KERALA CM**

കേരളാ പോലീസിൻറെ മാനവിക മുഖവും കാര്യക്ഷമതയും വർധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്തമുഖത്തും അന്വേഷണ രംഗത്തും ഇത് ദൃശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പ് കെ.എ പി. നാലാം ബറ്റാലിയൻറെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി. വയനാട് ദുരന്തസമയത്ത് നല്ല രീതിയിലുള്ള ഇടപെടൽ പൊലീസ് സേനയുടെ ഭാഗത്തു നിന്നും ഉണ്ടായതായും മുഖ്യമന്ത്രി പറഞ്ഞു. കേരള ആംഡ് പോലീസ് രണ്ടാം ബറ്റാലിയനിൽ നിന്ന് 152 പേരും നാലാം ബറ്റാലിയനിൽ നിന്ന് 162 പേരും ഉൾപ്പെടെ 314 സേനാംഗങ്ങളാണ് പരേഡിൽ പങ്കെടുത്തത്. ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയാണ് ഇവർ കേരള പോലീസിൻറെ ഭാഗമായത്.

==========================================================

**P RAJEEV – KOCHI**

സംസ്ഥാനത്തെ വിജ്ഞാനാധിഷ്ഠിത ഹൈടെക് വ്യവസായങ്ങളുടെ കേന്ദ്രമാക്കുകയാണ് സംസ്ഥാന സർക്കാരിൻറെ ലക്ഷ്യമെന്ന് വ്യവസായ മന്ത്രി പി രാജീവ് . ഇതിനായി വിജ്ഞാനാധിഷ്ഠിത സമൂഹവും, സമ്പദ് വ്യവസ്ഥയും കെട്ടിപ്പടുക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കൊച്ചിയിൽ കെ എസ് ഐ ഡി സി സംഘടിപ്പിച്ച റോബോട്ടിക്സ് റൗണ്ട് ടേബിളിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. സർക്കാരും, വ്യവസായികളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, സ്റ്റാർട്ടപ്പുകളും ഒന്നിച്ച് പ്രവർത്തിക്കുന്നതിന് അനുകൂലമായ സാഹചര്യമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്നും മന്ത്രി പറഞ്ഞു.

==========================================================

## HUMAN RIGHTS COMMISSION

മലയാള സിനിമാ മേഖലയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ പരിശോധിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ചീഫ് സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും കമ്മിറ്റി റിപ്പോർട്ടും പരാതിയും വിശദമായി വിലയിരുത്തി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെ കുറിച്ച് രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു. അടുത്തമാസം കണ്ണൂർ ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

=========================================================

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികൾ നേട്ടത്തിൽ വ്യാപാരം ആരംഭിച്ചു. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 50 പോയിൻറ് നേട്ടത്തിൽ 81,104 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 22 പോയിൻറ് നേട്ടത്തിൽ 24,833 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 160 രൂപ കുറഞ്ഞ് 53,280 രൂപയും ഗ്രാമിന് 20 രൂപ കുറഞ്ഞ് 6,660 രൂപയുമാണ് ഇന്നത്തെ വില.

=========================================================

## SEBI – ANIL AMBANI

കമ്പനിയിലെ പണം വഴിതിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട് വ്യവസായി അനിൽ അംബാനിക്ക് ഓഹരി വിപണിയിൽ ഇടപെടുന്നതിന് സെബി അഞ്ച് വർഷത്തെ വിലക്ക് ഏർപ്പെടുത്തി. 25 കോടി രൂപ പിഴയും ചുമത്തിയിട്ടുണ്ട്. റിലയൻസ് ഹോം ഫിനാൻസിന്റെ തലപ്പത്തുണ്ടായിരുന്ന മുൻ ഉദ്യോഗസ്ഥർക്കും 24 സ്ഥാപനങ്ങൾക്കുമെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. റിലയൻസ് ഹോം ഫിനാൻസിന് വിപണിയിൽ ആറ് മാസത്തെ വിലക്കും സെബി ഏർപ്പെടുത്തി.

=========================================================